പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1768 ന് 17.03.2015-ൽ മറുപടിയ്ക്ക്

**കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ**

| | ചോദ്യം<br>ഡോ. കെ.ടി. ജലീൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങൾ മുഖ്യമന്ത്രി നിവേദനത്തിലൂടെ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോൾ ആണ് സമർപ്പിച്ചത്; പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം 16.10.2014-ലെ മുഖ്യമന്ത്രിയുടെ ഡൽഹി സന്ദർശനത്തിൽ കേന്ദ്ര സർക്കാരിന് നൽകുകയുണ്ടായി. അതിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിന് തൊട്ടുമുൻപ് മുഖ്യമന്ത്രി ആരെയെല്ലാം നേരിൽ കണ്ട് ചർച്ച നടത്തുകയുണ്ടായി; വിശദമാക്കാമോ? | (ബി) | 16.10.2014-ന് മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രി, കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് മന്ത്രി, കേന്ദ്ര കൃഷി മന്ത്രി, കേന്ദ്ര പരിസ്ഥിതിയും വനവും വകുപ്പ് സഹമന്ത്രി, കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് സഹമന്ത്രി എന്നിവരെ നേരിൽ കണ്ട് ചർച്ച ചെയ്തു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ